**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 6487 — 11.07.2012 - ൽ മറുപടിക്ക്

## കാസർഗോഡ് അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ അന്യ സംസ്ഥാനക്കാരായ തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇവയിൽ കവർച്ച, കള്ളനോട്ട്, മയക്കു മരുന്ന് കച്ചവടം, കൊലപാതകം എന്നിവയിന്മേൽ എത്രവീതം കേസു കൾ ഉണ്ടെന്ന് അറിയിക്കാമോ; | (ബി) | കവർച്ച, കള്ളനോട്ട്, മയക്കുമരുന്ന് കച്ചവടം എന്നിവയിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ഒരു കൊലപാതക കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | എത്ര കൊലപാതക കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു വെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ ? | (സി) | രജിസ്റ്റർ ചെയ്ത ഒരു കൊലപാതക കേസിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ